2026
OCTOBER
09
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യയിലെ ഏറ്റവും വമ്പൻ ഐപിഒ; 37,700 കോടി സമാഹരിക്കാൻ ജിയോ

**കൊച്ചി:** 37,700 കോടി രൂപ സമാഹരിക്കൽ ലക്ഷ്യമിട്ടുള്ള ജിയോ പ്ലാറ്റ്ഫോംസിന്റെ ഐപിഒ 21ന് ആരംഭിച്ചേക്കും. ടെലികോം സേവനദാതാവ് എന്നതിലുപരി ആഗോള ടെക് വമ്പൻ എന്ന നിലയിലാണ് ജിയോ ഐപിഒയ്ക്ക് ഒരുങ്ങുന്നത്. 28ന് കമ്പനി ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തേക്കുമെന്നാണ് സൂചന.

27കോടി പുതിയ ഓഹരികളാണ് കമ്പനി ഇറക്കുന്നത്. 20 വർഷത്തിനുശേഷം റിലയൻസ് കമ്പനിയിൽ നിന്നുള്ള ഐപിഒ എന്നതും ശ്രദ്ധേയമാണ്. 2024ൽ നടന്ന ഹ്യുണ്ടായ് മോട്ടർ ഇന്ത്യയുടെ (27,859 കോടി) റെക്കോർഡാണ് ജിയോ തകർക്കുക. ഐപിഒ മൂല്യം അനുസരിച്ച് ജിയോ രാജ്യത്തെ മൂന്നാമത്തെ വലിയ പബ്ലിക് ലിസ്റ്റഡ് കമ്പനിയായി മാറും. മാതൃകമ്പനിയായ റിലയൻസാണ് ഒന്നാമത്. രണ്ടാംസ്ഥാനത്ത് എയർടെലാണ്. 5ജി, 6ജി നെറ്റ്‌വർക് സാങ്കേതികവിദ്യ, എഐ, ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ, അത്യാധുനിക സോഫ്റ്റ്‌വെയർ എന്നിവയിൽ വലിയതോതിലുള്ള ഗവേഷണത്തിലും വിപുലീകരണത്തിലുമാണ് കമ്പനി ഇപ്പോൾ ശ്രദ്ധയൂന്നുന്നത്. 10 വർഷം പൂർത്തിയാക്കിയ ജിയോ, ഐപിഒയിലേക്കു കടക്കുമ്പോൾ ഇന്ത്യയിൽ സാങ്കേതികവിദ്യ വികസിപ്പിച്ച് ലോകവിപണിക്കു നൽകുന്ന കമ്പനിയായി മാറാനുള്ള ഒരുക്കത്തിലാണ്

# വീഗാലാൻഡ് ഡെവലപ്പേഴ്സ് വരുമാനത്തിൽ 79 ശതമാനം വർധന

**കൊച്ചി:** പ്രമുഖ റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരായ വീഗാലാൻഡ് ഡെവലപ്പേഴ്സ് ലിമിറ്റഡ്, 2026 ജൂൺ 30ന് അവസാനിച്ച പാദത്തിലെ ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. മികച്ച വിൽപനവളർച്ചയുടെയും പ്രോജക്കുകളുടെ മികച്ച പുരോഗതിയുടെയും പിൻബലത്തിൽ കമ്പനിയുടെ പ്രവർത്തനവരുമാനം വാർഷികാടിസ്ഥാനത്തിൽ 79 ശതമാനം വർധിച്ചു.കമ്പനിയുടെ മൊത്ത ലാഭ മാർജിൻ 28 ശതമാനമായി. ഈ പാദത്തിൽ കമ്പനി കൊച്ചിയിൽ വീഗാലാൻഡ് അമോറ എന്ന പുതിയ പ്രോജക്ട് ആരംഭിച്ചതോടെ നിലവിലുള്ള പ്രോജക്കുകളുടെ പോർട്ട്ഫോളിയോയിലേക്ക് 1.59 ലക്ഷം ചതുരശ്രയടി കൂടി കൂട്ടിച്ചേർക്കപ്പെട്ടു.2026 ജൂൺ 30ന് അവസാനിച്ച പാദത്തിൽ മികച്ച വിൽപനയും പ്രോജക്കുകളുടെ മികച്ച നിർവഹണവും പ്രകടമായതായി എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു.ഭാവിയിലും കേരളത്തിലെ റസിഡൻഷ്യൽ റിയൽ എസ്റ്റേറ്റ് വിപണിയെക്കുറിച്ച് തികഞ്ഞ ആത്മവിശ്വാസമുണ്ടെന്നും സാന്നിധ്യം കൂടുതൽ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങളിലാണെന്നും അദ്ദേഹം വ്യക്തമാക്കി.




# ലുലു മണി ബിസിനസും മാസ്റ്റർ കാർഡും കൈകോർക്കുന്നു

**ദുബായ്:** യുഎഇയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും പരസ്പര ബന്ധിതവുമായ സാമ്പത്തിക സേവന സംവിധാനം ഉറപ്പാക്കുന്നതിനായി ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സിന്റെ ലുലു മണി ബിസിനസും മാസ്റ്റർകാർഡും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. അബുദാബിയിലെ ഇൻവെസ്റ്റോപ്പിയ ബ്രിഡ്ജിൽ നടന്ന ചടങ്ങിൽ യുഎഇ സാമ്പത്തിക, ടൂറിസം മന്ത്രി അബ്ദുല്ല ബിൻ തൂഖ് അൽ മർറി, യുഎഇ നിക്ഷേപ മന്ത്രി മുഹമ്മദ് ഹസ്സൻ അൽസുവൈദി എന്നിവരുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്.

ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദ്, മാസ്റ്റർകാർഡ് മാർക്കറ്റ് ഡെവലപ്മെൻറ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് മെറ്റെ ഗുനെ എന്നിവരും പങ്കെടുത്തു. മാസ്റ്റർകാർഡ് എസ്എംഇ കോൺഫിഡൻസ് ഇൻഡക്സ് 2026 പ്രകാരം, യുഎഇയിലെ 74% ചെറുകിട ബിസിനസ്സ് ഉടമകളും അടുത്ത 12 മാസത്തെ തങ്ങളുടെ ബിസിനസ് ഭാവിയിൽ പൂർണ്ണ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നവരാണ്. ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്ക് മാറുന്ന ബിസിനസുകളുടെ പണമടയ്ക്കൽ, ചെലവ് മാനേജ്മെൻറ്, ക്യാഷ് ഫ്ലോ എന്നിവയിലെല്ലാം കൂടുതൽ സഹായകരമായ സാമ്പത്തിക സേവനങ്ങൾ നൽകാൻ ഈ സഹകരണം വഴിയൊരുക്കും.

യുഎഇ സെൻട്രൽ ബാങ്കിൻറെ ലൈസൻസുള്ള ഇസ്ലാമിക് ബാങ്കായ രുയ നൽകുന്ന ലുലു മണി ബിസിനസ് അക്കൗണ്ടുകൾ, മാസ്റ്റർകാർഡിന്റെ കാർഡ് സൊല്യൂഷനുകൾ, മറ്റ് മൂല്യവർദ്ധിത സാമ്പത്തിക സേവനങ്ങൾ എന്നിവ ലഭ്യമാകും. പേയ്മെൻറുകൾക്ക് പുറമെ മാസ്റ്റർകാർഡിന്റെ ഉപദേശക, കൺസൾട്ടിംഗ് സേവനങ്ങളും ബിസിനസുകൾക്ക് ലഭ്യമാക്കും.

സാമ്പത്തിക രംഗത്തിൻറെ നട്ടെല്ലാണ് ചെറുകിട, ഇടത്തരം സംരംഭങ്ങളെന്നും, നവീകരണത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവ വലിയ പങ്കുവഹിക്കുന്നുണ്ടെന്നും ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദ് പറഞ്ഞു.

എസ്എംഇകൾക്ക് ആവശ്യമായ എല്ലാ സാമ്പത്തിക സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും, മാസ്റ്റർകാർഡുമായുള്ള ഈ കരാർ ആ യാത്രയിലെ പ്രധാന നാഴികക്കല്ലാണെന്നും അദ്ദേഹം വ്യക്തമാക്കി.

2030ഓടെ 500 ദശലക്ഷം ആളുകളെയും ചെറുകിട ബിസിനസുകളെയും സാമ്പത്തികമായി ഭദ്രമാക്കാനുള്ള മാസ്റ്റർകാർഡിന്റെ ആഗോള ലക്ഷ്യത്തിന്റെ ഭാഗമാണ് ഈ പ്രവർത്തനമെന്ന് മാസ്റ്റർകാർഡ മാർക്കറ്റ് ഡെവലപ്മെൻറ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് മെറ്റെ ഗുനെ പറഞ്ഞു.




# യുപിഐ ഇടപാട് ഫീസ്: ഉത്സവ സീസൺ പരിഗണിച്ച് ജനുവരിയിലേക്ക് നീട്ടിവെച്ചേക്കും

**ന്യൂദൽഹി:** ഒക്ടോബർ 15 മുതൽ ഈടാക്കാനിരുന്ന യുപിഐ ഫീസ് ജനുവരി ഒന്നിലേക്ക് നീട്ടിവെച്ചേക്കും. ക്രിസ്മസ് വരെയുള്ള ഉത്സവകാലയളവിൽ വ്യാപാരികൾക്ക് യുപിഐ ഇടപാടുകൾ സൗജന്യമാക്കുന്നതിനും ചെറുകിട വ്യാപാരി സംഘടനകളുടെ പ്രതിഷേധങ്ങൾക്ക് പരിഹാരം കാണാനുമാണ് ഈ നീക്കം. ഒക്ടോബർ രണ്ടിന് നോ യുപിഐ ദിനം ആചരിക്കാൻ ചില്ലറ വ്യാപാരി സംഘടനകൾ ആഹ്വാനം ചെയ്തിരുന്നുവെങ്കിലും കഴിഞ്ഞ മാസം കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമനുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം സമരം പിൻവലിക്കുകയായിരുന്നു.

മർച്ചന്റ് നിരക്കുകളിലെ ഇളവുകളിലും മാറ്റം വരുത്തിയേക്കുമെന്നാണ് റിപ്പോർട്ടുകൾ. 40 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള ബിസിനസ്സുകളെ എം.ഡി.ആറിൽ നിന്ന് ഒഴിവാക്കുന്നതും പരിഗണനയിലുണ്ട്. നിലവിലുള്ള സംവിധാനമനുസരിച്ച് പ്രതിമാസം ഒരു ലക്ഷം രൂപ വരെ വിറ്റുവരവുള്ള ബിസിനസ്സുകൾക്കാണ് ഫീസിൽനിന്ന് ഇളവ് നൽകിയിരുന്നത്. ചില വിഭാഗങ്ങൾക്കുള്ള പ്രതിദിന യുപിഐ ഇടപാട് പരിധി ഒരു ലക്ഷത്തിൽനിന്ന് രണ്ടു ലക്ഷമായി ഉയർത്തുന്നതും പരിഗണിക്കുന്നുണ്ട്. രണ്ടായിരം രൂപയ്ക്ക് മുകളിലുള്ള വ്യാപാര ഇടപാടുകൾക്ക് 0.40 ശതമാനം നിരക്കാണ് പ്രഖ്യാപിച്ചത്. പരമാവധി പരിധി 300 രൂപയായിരിക്കും. വിവിധ ബില്ലുകൾ, വിദ്യാഭ്യാസം, പെട്രോൾ, ഡീസൽ എന്നിവയ്ക്കുള്ള 2,000 രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്ക് അഞ്ചു രൂപയുമാണ് ഈടാക്കുക.

ഇടപാടുകൾ കുറയുന്നുമൊത്തം യുപിഐ ഇടപാടുകളുടെ എണ്ണം ഓഗസ്റ്റിലെ 2, 451 കോടിയിൽനിന്ന് സെപ്റ്റംബറിൽ 2407 കോടിയായി കുറഞ്ഞു. 1.8 ശതമാനമാണ് ഇടിവ്. ഓഗസ്റ്റിൽ 31 ദിവസവും സെപ്റ്റംബറിൽ 30 ദിവസവും ആയിരുന്നതായിരിക്കാം ഒരു കാരണം. ഇടപാട് മൂല്യത്തിലാകട്ടെ 1.5 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത്. ഓഗസ്റ്റിലെ 29.82 ലക്ഷം കോടി രൂപയിൽനിന്ന് സെപ്റ്റംബറിൽ 29.37 ലക്ഷം കോടിയായി.



**ഐ.എം.എ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമ്മേളനം കലൂർ ഐ.എം.എ ഹൗസിൽ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു. ഡോ. എം. ഐ ജുനൈദ് റഹ്മാൻ, പി.രാമചന്ദ്രൻ,സി.എം.ശശിധരൻ,ബിനോൾ വർഗീസ്, ഡോ.ആർ. ഷഹിർഷാ, ഡോ. കെ. നാരായണൻകുട്ടി, ഡോ.എ പാർവതി, ഡോ. വിനോദ് പത്മനാഭൻ, ഡോ. എം. നാരായണൻ എന്നിവർ സമീപം.**

# ദേശീയ രക്തദാനവാരാചരണം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഐ.എം.എ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമ്മേളനം കലൂർ ഐ.എം.എ ഹൗസിൽ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. ഐ.എം.എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ. കെ. നാരായണൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രക്തദാനം കാരുണ്യപ്രവർത്തിമാത്രമല്ല ദാതാക്കൾക്ക് ഒട്ടേറെ ആരോഗ്യഗുണങ്ങളും നൽകുന്നതാണെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഡി.എം.ഒ ഡോ.ആർ. ഷഹിർഷാ പറഞ്ഞു.

ഐ.എം.എ ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം. ഐ ജുനൈദ് റഹ്മാൻ, മെഡിക്കൽ ഓഫിസർ ഡോ.എ പാർവതി, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. വിനോദ് പത്മനാഭൻ, ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് സി.എം.ശശിധരൻ, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് പ്രോഗ്രാം ഓഫീസർ ബിനോൾ വർഗീസ്, ഐ.എം.എ ബ്ലഡ് ബാങ്ക് ട്രഷറർ ഡോ. എം. നാരായണൻ, ടി.എ.ഗിരീഷ് തുടങ്ങിയവർ സംസാരിച്ചു. ഐ.എം.എ ബ്ലഡ് ബാങ്കുമായി സഹകരിച്ച് ഏറ്റവും കൂടുതൽ രക്തദാനം നിർവ്വഹിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫിസുകൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, കുടുംബങ്ങൾ എന്നിവരെ ചടങ്ങിൽ പുരസ്ക്കാരങ്ങൾ നൽകി ആദരിച്ചു.



# എൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി 2026: കേരളം ഫൈനലിൽ

**തിരുവനന്തപുരം :** കാഴ്ച പരിമിതരായ വനിതകളുടെ എൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി 2026 അഖിലേന്ത്യ ക്രിക്കറ്റ് ടൂർണമെന്റിൽ കേരളം ഫൈനലിൽ . കാര്യവട്ടം ഗ്രീൻഫീൽഡ് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന അവസാന ലീഗ് മത്സരത്തിൽ മഹാരാഷ്ട്രയെ തോൽപ്പിച്ചാണ് കേരളം ഫൈനൽ പ്രവേശനം നേടിയത്. ഇതാദ്യമായാണ് കേരളത്തിന്റെ വനിതാ ബ്ലൈൻഡ് ക്രിക്കറ്റ് ടീം ഒരു അഖിലേന്ത്യാ ടൂർണ്ണമെന്റിന്റെ ഫൈനലിൽ പ്രവേശിക്കുന്നത്.

മഹാരാഷ്ട്ര ഉയർത്തിയ 139 റൺസ് വിജയലക്ഷ്യം, 5 വിക്കറ്റ് നഷ്ടത്തിൽ 14.4 ഓവറിൽ കേരളം മറികടന്നു.ടോസ് നേടി ബാറ്റിംഗിന് ഇറങ്ങിയ മഹാരാഷ്ട്ര നിശ്ചിത ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിലാണ് 139 റൺസ് എടുത്തത്.

കേരളത്തിന്റെ റൺചേസിൽ നിർണായക പങ്കുവഹിച്ചത് ഭദ്രയുടെ തകർപ്പൻ ബാറ്റിങ് പ്രകടനമാണ്. സമ്മർദ്ദ ഘട്ടങ്ങളെ അതിജീവിച്ച് പുറത്താകാതെ 38 റൺസ് നേടിയ ഭദ്ര വി എസ് ആണ് കേരളത്തിന്റെ വിജയശിൽപ്പി. പൂർണ്ണമായും കാഴ്ചശക്തിയില്ലാത്ത വിഭാഗത്തിൽ കളിക്കളത്തിൽ വിസ്മയം തീർത്ത ഭദ്ര തന്നെയാണ് മത്സരത്തിലെ 'പ്ലെയർ ഓഫ് ദി മാച്ച്' പുരസ്കാരവും സ്വന്തമാക്കിയത്.



**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതദിനാഘോഷങ്ങളോടനുബന്ധിച്ച്കാലടി മുഖ്യ കാമ്പസിൽ സംഘടിപ്പിച്ച സമാപന സമ്മേളനത്തിൽ സംസ്കൃത മേഖലയിലെ സമഗ്ര സംഭാവനകൾ പരിഗണിച്ച് സംസ്കൃത പണ്ഡിതൻ ഡോ. ജി. ഗംഗാധരൻ നായർ, ആയുർവേദ പഠനഗവേഷണ മേഖലയിലെ സംഭാവനകൾ പരിഗണിച്ച് ഡോ. കെ. മുരളി, കൂടിയാട്ട മേഖലയിലെ സംഭാവനകൾ മുൻനിർത്തി ഉഷ നങ്ങ്യാർ എന്നിവരെ ആദരിച്ചപ്പോൾ. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജിനിത കെ. എസ്., ഡോ. കെ. ഉണ്ണികൃഷ്ണൻ, ഉജ്ജയിനിയിലെ മഹർഷി പാണിനി സംസ്കൃത ഏവം വേദിക് സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ. സി. ജി. വിജയകുമാർ, ഡോ. വി. കെ. ഭവാനി, രജിസ്ട്രാർ ഡോ. ടി. എസ്. ലാൻസ് ലെറ്റ് എന്നിവർ സമീപം.**

# സംസ്കൃതദിനാഘോഷങ്ങൾ സമാപിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതദിനാഘോഷങ്ങൾ സമാപിച്ചു. കാലടി മുഖ്യ കാമ്പസിൽ നടന്ന സമാപന സമ്മേളനം വൈസ് ചാൻസലർ ഡോ. സിസ തോമസ് ഉദ്ഘാടനം ചെയ്തു. ഉജ്ജയിനിയിലെ മഹർഷി പാണിനി സംസ്കൃത ഏവം വേദിക് സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ. സി. ജി. വിജയകുമാർ മുഖ്യപ്രഭാഷണം നടത്തി. സംസ്കൃത മേഖലയിലെ സമഗ്ര സംഭാവനകൾ പരിഗണിച്ച് സംസ്കൃത പണ്ഡിതൻ ഡോ. ജി. ഗംഗാധരൻ നായർ, ആയുർവേദ പഠനഗവേഷണ മേഖലയിലെ സംഭാവനകൾ പരിഗണിച്ച് ഡോ. കെ. മുരളി, കൂടിയാട്ട മേഖലയിലെ സംഭാവനകൾ മുൻനിർത്തി ഉഷ നങ്ങ്യാർ എന്നിവരെ സർവ്വകലാശാല ആദരിച്ചു. വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപാടിൻറെ ശേഖരത്തിലുള്ള താളിയോലകൾ ഡോ. കെ. മുരളിയിൽ നിന്നും രജിസ്ട്രാർ ഡോ. ടി. എസ്. ലാൻസ് ലെറ്റ് ഏറ്റുവാങ്ങി. സംസ്കൃതദിനാഘോഷങ്ങളോട് അനുബന്ധിച്ച് വാക്യാർത്ഥ സദസും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഡോ. വി. കെ. ഭവാനി അധ്യക്ഷയായിരുന്നു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ. ഉണ്ണികൃഷ്ണൻ, ഡോ. ജിനിത കെ. എസ്., രജിസ്ട്രാർ ഡോ. ടി. എസ്. ലാൻസ് ലെറ്റ്, ഡോ. കെ. എം. സംഗമേശൻ എന്നിവർ പ്രസംഗിച്ചു.





# പാരാ ഷൂട്ടിംഗ് താരം അഖിൽ സാമിന് യുഎസ് ടി യുടെ പിന്തുണ; ഭാരം കുറഞ്ഞ വീൽചെയർ സമ്മാനിച്ചു

**തിരുവനന്തപുരം:** ദേശീയ പാരാ ഷൂട്ടിംഗ് താരം അഖിൽ സാമിന് പിന്തുണ നൽകുന്നതിന്റെ ഭാഗമായി പ്രമുഖ എഐ, ടെക്നോളജി ട്രാൻസ്ഫർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു എസ് ടി ഒരു അൾട്രാ ലൈറ്റ് വീൽചെയർ സമ്മാനിച്ചു. അഖിൽ സാമിനെ ആദരിക്കുന്നതിനായി യുഎസ് ടി യുടെ തിരുവനന്തപുരം ക്യാമ്പസിൽ സംഘടിപ്പിച്ച ചടങ്ങിലായിരുന്നു വീൽചെയർ കൈമാറിയത്.

വിദ്യാഭ്യാസം, തൊഴിൽ, സ്വതന്ത്ര ജീവിതം എന്നീ മേഖലകളിലെ തടസ്സങ്ങൾ നീക്കിക്കൊണ്ട് ജീവിതനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള യുഎസ്ടിയുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയുടെ ഏറ്റവും പുതിയ സംരംഭമാണിത്. പ്രാദേശിക സന്നദ്ധ സംഘടനകളുമായി സഹകരിച്ച് സഹായ ഉപകരണങ്ങൾ, സ്കോളർഷിപ്പുകൾ, തൊഴിലധിഷ്ഠിത പരിശീലനം എന്നിവ നൽകിക്കൊണ്ട് ഭിന്നശേഷിക്കാരുടെ ഉന്നമനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതി മുൻഗണന നൽകുന്നത്.

നട്ടെല്ലിനേറ്റ പരിക്കിനെത്തുടർന്ന് കഴിഞ്ഞ 10 വർഷമായി സാം വീൽ ചെയർ ഉപയോഗിച്ചാണ് ജീവിതം നയിക്കുന്നത്. പരിക്കിനുശേഷം ഷൂട്ടിംഗ് മത്സരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച അദ്ദേഹം ഇപ്പോൾ ഇന്ത്യയിലുടനീളം നടക്കുന്ന പാരാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പുകളിൽ സ്ഥിരമായി പങ്കെടുക്കുന്നുണ്ട്. 2004ലെ കേരള സംസ്ഥാന ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണവും പൂനെയിൽ നടന്ന സോണൽ പാരാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ വെങ്കലവും നേടിയ അദ്ദേഹം, ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കാനുള്ള യോഗ്യതയും നേടി.

എന്നാൽ, അദ്ദേഹം ഉപയോഗിച്ചിരുന്ന വീൽചെയർ ഭാരമേറിയതും കൈകാര്യം ചെയ്യാൻ പ്രയാസമുള്ളതുമായിരുന്നു. ഇത് യാത്രയെയും പരിശീലനത്തെയും ദുഷ്കരമാക്കി. ഓരോ യാത്രയ്ക്കും മുൻപായി വീൽചെയർ അഴിച്ചുവെക്കുന്നതും പിന്നീട് കൂട്ടിയോജിപ്പിക്കുന്നതും വലിയൊരു ബുദ്ധിമുട്ടാണെന്ന് സാം തിരിച്ചറിഞ്ഞു. തന്റെ സഞ്ചാരസ്വാതന്ത്ര്യവും സ്വയംപര്യാപ്തതയും വർദ്ധിപ്പിക്കുന്നതിനും, ഒപ്പം പരിശീലനം മെച്ചപ്പെടുത്തി മത്സരങ്ങളിൽ പങ്കെടുക്കാനുള്ള കഴിവ് വളർത്തുന്നതിനുമായി ഭാരം കുറഞ്ഞ ഒരു വീൽചെയറിനായുള്ള സ്പോൺസർഷിപ്പ് സാം തേടുകയായിരുന്നു.

കൊണ്ടുപോകാൻ എളുപ്പമുള്ളതും മത്സരവേളയിൽ ഉപയോഗിക്കുമ്പോൾ ശാരീരികമായി അധികം ആയാസം ആവശ്യമില്ലാത്തതുമായ അതിഭാരം കുറഞ്ഞ ഒരു വീൽചെയർ യുഎസ് ടിയുടെ സിഎസ്ആർ വിഭാഗം അദ്ദേഹത്തിന് സംഭാവന ചെയ്തു. മുൻപ് യു എസ് ടി സംഘടിപ്പിച്ച രണ്ടു ട്രിവാൻഡ്രം മാരത്തണുകളിലും പങ്കെടുത്ത സാം, കമ്പനിയുമായി ദീർഘകാലത്തെ ബന്ധം പുലർത്തുന്ന വ്യക്തി കൂടിയാണ്.

'യഥാർത്ഥ വെല്ലുവിളികൾക്കിടയിലും അഖിൽ സാം പ്രകടിപ്പിക്കുന്ന സ്ഥിരോത്സാഹവും അർപ്പണബോധവും യുഎസ് ടി യുടെ അടിസ്ഥാന മൂല്യങ്ങളെയും ഞങ്ങളുടെ സിഎസ്ആർ പദ്ധതിയുടെ ലക്ഷ്യങ്ങളെയും പ്രതിഫലിപ്പിക്കുന്നു. മത്സരരംഗത്തെ തടസ്സങ്ങൾ നീക്കിക്കൊണ്ട്, അദ്ദേഹത്തിന്റെ കായിക ജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും മറ്റുള്ളവർക്ക് പ്രചോദനമാകാനും സഹായിക്കുന്നതിലൂടെ, അദ്ദേഹം ഇതിനകം കൈവരിച്ച നേട്ടങ്ങൾ കൂടുതൽ വിപുലീകരിക്കാനും അദ്ദേഹത്തെ പിന്തുണയ്ക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു,' യു എസ് ടി ചീഫ് വാല്യൂസ് ഓഫീസറും ഡെവലപ്മെന്റ് സെന്റർ ഓപ്പറേഷൻസ് ആഗോള മേധാവിയുമായ സുനിൽ ബാലകൃഷ്ണൻ പറഞ്ഞു.

യുഎസ് ടി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഗിൽറോയ് മാത്യു; ചീഫ് വാല്യൂസ് ഓഫീസറും ഡെവലപ്മെന്റ് സെന്റർ ഓപ്പറേഷൻസ് ആഗോള മേധാവിയുമായ സുനിൽ ബാലകൃഷ്ണൻ; വൈസ് പ്രസിഡന്റും തിരുവനന്തപുരം കേന്ദ്രം മേധാവിയുമായ ശിൽപ മേനോൻ; സിഎസ്ആർ ഗ്ലോബൽ പ്രോഗ്രാം മാനേജർ നിപുൺ വർമ്മ; സിഎസ്ആർ ലീഡ് വിനീത് മോഹനൻ; സിഎസ്ആർ അംബാസഡർ നന്ദ് സുന്ദരം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സക്ഷമ സംസ്ഥാന വൈസ് പ്രസിഡന്റ് കെ. ആർ. രഘുനാഥൻ നായർ; സക്ഷമ തിരുവനന്തപുരം ജില്ലാ വൈസ് പ്രസിഡന്റ് കൃഷ്ണകുമാർ ആർ, സക്ഷം ഉത്സവ് സെക്രട്ടറി ജനറൽ ഡോ. എസ്. സുനിൽ കുമാർ, സക്ഷമ തിരുവനന്തപുരം ജില്ലാ സെക്രട്ടറി ജെ. ആർ. മനോജ് കുമാർ എന്നിവരുൾപ്പടെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന 'സക്ഷമ കേരളം' എന്ന സംഘടനയുടെ പ്രതിനിധികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# കുസാറ്റ് : ഹിന്ദി വകുപ്പ് ബിരുദ ദാന ചടങ്ങ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഹിന്ദി വകുപ്പിൽ 202426 ബാച്ചിൽ വിജയിച്ച വിദ്യാർത്ഥികൾക്കുള്ള ബിരുദ ദാന ചടങ്ങ് സംഘടിപ്പിച്ചു. സർവകലാശാല വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. പ്രമോദ് കോവ്പ്രത്, ഡീൻ, ഫാക്കൽറ്റി ഓഫ് ഹ്യുമാനിറ്റീസ് ബിരുദാനന്തര ബിരുദ സമർപ്പണം നടത്തി. ചടങ്ങിൽ വിശിഷ്ട അതിഥിയായി ഡോ. ബി. ആർ. അംബേക്കർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. ഗോപാൽജി പ്രധാൻ പങ്കെടുത്തു.

ചടങ്ങിൽ രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. മനോജ് എൻ, ഹിന്ദി വകുപ്പ് മേധാവി ഡോ. പ്രണിത പി, സെമിനാർ കോഓർഡിനേറ്റർ ഡോ. നിമ്മി എ. എ എന്നിവർ സംസാരിച്ചു.



# സൗജന്യ നേത്ര പരിശോധന ക്യാമ്പ്

**കൊച്ചി:** ലോക കാഴ്ച ദിനത്തോടനുബന്ധിച്ച് ഇടപ്പള്ളി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ ഒക്ടോബർ 30 വരെ സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തുമെന്ന് ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി , സീനിയർ പീഡിയാട്രീഷൻ ഡോ. ഫിജോ കുര്യാക്കോസ് ഹോസ്പിറ്റൽ മാനേജർ എ.ടി ദയാനിധി, മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കുട്ടികളിലെ കാഴ്ച്ചക്കുറവും, കാഴ്ച്ച വൈകല്യങ്ങളും കണ്ടെത്തുന്നതിന് പ്രത്യേക നേത്ര പരിശോധന ക്യാമ്പിൽ സംഘടിപ്പിച്ചിട്ടുണ്ട്. 50 വയസിന് മുകളിലുള്ളർക്കുള്ള അഡ്വാൻസ്ഡ് നേത്രപിരിശോധനയും സൗജന്യമാണ്. സൗജന്യ പരിശോധ മുൻകൂട്ടി ബുക്ക്ചെയ്യുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾക്ക് 7823945929, 9280099171.



# കുസാറ്റിൽ കഥക് വർക്ക് ഷോപ്പ് സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്രേസ് കഥക് അക്കാദമിയുടെ സഹകരണത്തോടെ നടത്തിയ ത്രിദിന കഥക് വർക്ക്ഷോപ്പ് സമാപിച്ചു. സുപ്രസിദ്ധ കഥക് നർത്തകി മൊറീമ മേഥി നേതൃത്വം നൽകിയ വർക്ക് ഷോപ്പിൽ ഗ്രേസ് കഥക് അക്കാദമി ഡയറക്ടർ വാണി ഗ്രേസ് സഹപരിശീലക യായി. കഥക് നൃത്തത്തിന്റെ അടിസ്ഥാന പാഠങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രായോഗിക പരിശിലനവും കഥക് പെർഫോർമൻസും നടന്നു. വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി മൊറാമി മേഥിയെ ആദരിച്ചു. യൂത്ത് വെൽഫെയ4 ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ഡോ. പി.കെ ബേബി, ഡോ. അപർണ്ണലക്ഷ്മണൻ എന്നിവർ സംസാരിച്ചു.



# കുസാറ്റ് ഗവേഷക വിബ്കോൺ 2026ൽ മികച്ച വിദ്യാർത്ഥി ഓറൽ പ്രസന്റേഷൻ പുരസ്കാരം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പുന്നാടത്ത് പ്രീതം ഇ.യുടെ മാർഗനിർദേശത്തിൽ ഗവേഷണം നടത്തുന്ന DST-INSPIRE ഫെലോയും പിഎച്ച്ഡി ഗവേഷകനുമായ റിതം ഗുഹയ്ക്ക് വിബ്കോൺ 2026 ൽ മികച്ച വിദ്യാർത്ഥി ഓറൽ പ്രസന്റേഷൻ പുരസ്കാരം ലഭിച്ചു.

ഇന്ത്യൻ സൊസൈറ്റി ഫോർ വെറ്ററിനറി ഇമ്മ്യൂണോളജി ആൻഡ് ബയോടെക്നോളജിയുടെ 31ാമത് വാർഷിക കൺവെൻഷനിലും അന്താരാഷ്ട്ര സമ്മേളനമായ ഢകആഇഛച 2026ലും റിതം ഗുഹ പങ്കെടുത്തു. നൈൽ തിലാപ്പിയയിൽ ലെക്റ്റിനെ അഡ്ജുവന്റായി ഉപയോഗിച്ചുള്ള ബാക്ടീരിയൽ വാക്സിൻ വികസനം സംബന്ധിച്ച ഗവേഷണമാണ് അവതരിപ്പിച്ചത്. രോഗപ്രതിരോധത്തിനും ജലജീവികളുടെ ആരോഗ്യ പരിപാലനത്തിനുമായി നൂതനവും സുസ്ഥിരവുമായ മാർഗങ്ങൾ വികസിപ്പിക്കുന്നതായിരുന്നു ഗവേഷണത്തിന്റെ ലക്ഷ്യം.

ശാസ്ത്രീയ പ്രവർത്തനം, ഗവേഷണത്തിലെ നൂതനത്വം, ജലജീവികളുടെ ആരോഗ്യ പരിപാലനത്തിനും വാക്സിൻ വികസനത്തിനും നൽകിയ സംഭാവന എന്നിവ പരിഗണിച്ചാണ് പുരസ്കാരം നൽകിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്ത്യൻ നാവികസേനയ്ക്ക് ആദ്യ മിലിട്ടറിഗ്രേഡ് അണ്ടർവാട്ടർ റോബോട്ട് കൈമാറി കേരള സ്റ്റാർട്ടപ്പായ ഐറോവ്

**കൊച്ചി:** കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുൻനിര ഡീപ്ടെക് സ്റ്റാർട്ടപ്പായ ഐറോവ് നാവികസേനയ്ക്കായി തദ്ദേശീയമായി വികസിപ്പിച്ച ആദ്യ മിലിട്ടറിഗ്രേഡ് അണ്ടർവാട്ടർ റോബോട്ടിക് സംവിധാനമായ ഐറോവ് ട്രൗട്ട് കൈമാറി. രാജ്യത്ത് ആദ്യമായി സൈനിക മാനദണ്ഡങ്ങൾക്ക് അനുസൃതമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച രണ്ട് ട്രൗട്ട് റിമോട്ട്ലി ഓപ്പറേറ്റഡ് വെഹിക്കിൾ സംവിധാനങ്ങളാണ് പ്രാഥമികഘട്ടത്തിൽ സേനയ്ക്ക് ലഭ്യമാക്കിയത്.



നൂതന അണ്ടർവാട്ടർ റോബോട്ടിക് സാങ്കേതികവിദ്യയിൽ രാജ്യത്തിന്റെ സ്വയംപര്യാപ്തത വർദ്ധിപ്പിക്കുന്നതിൽ ഈ നേട്ടം നിർണായക ചുവടുവയ്പ്പാണ്.

ഇന്ത്യൻ നാവികസേന നൽകിയ അഞ്ച് ട്രൗട്ട് സംവിധാനങ്ങൾക്കുള്ള ഓർഡറിന്റെ ഭാഗമാണ് ഈ കൈമാറ്റം. പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഐഡെക്സ് (ഇന്നോവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ്) സംരംഭത്തിലൂടെയാണ് തദ്ദേശീയ പ്രതിരോധ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. വെള്ളത്തിനടിയിലെ പരിശോധന, നിരീക്ഷണം, തിരച്ചിൽ, റെസ്ക്യൂ, വസ്തുക്കൾ കണ്ടെത്തൽ, റോബോട്ടിക് നിയന്ത്രണം തുടങ്ങിയ നിർണായക ദൗത്യങ്ങൾ കൃത്യതയോടെ നിർവഹിക്കാൻ ശേഷിയുള്ളതാണ് ഐറോവ് ട്രൗട്ട്.

ഇന്ത്യൻ നാവികസേനയ്ക്കുള്ള ട്രൗട്ടിന്റെ കൈമാറ്റം ഐറോവിന്റെ വളർച്ചയിലെ വലിയ നാഴികക്കല്ലാണെന്ന് ഐറോവ് സിഇഒയും സഹസ്ഥാപകനുമായ ജോൺസ് ടി. മത്തായി പറഞ്ഞു. രാജ്യത്ത് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ രാജ്യസുരക്ഷയ്ക്ക് സഹായകമാകുന്നു എന്നതിൽ അഭിമാനമുണ്ട്. അത്യാധുനിക സമുദ്ര റോബോട്ടിക്സ് സംവിധാനങ്ങൾ തദ്ദേശീയമായി വികസിപ്പിക്കാനുള്ള ഇന്ത്യയുടെ കരുത്ത് തെളിയിക്കുന്നതാണ് ഈ നേട്ടമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സായുധ സേനകൾക്കായി തന്ത്രപ്രധാനമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഐഡെക്സ് ഡിസ്ക് 7 സ്പ്രിന്റ് ചലഞ്ചിന്റെ ഭാഗമായി നാവികസേനയുടെ മേൽനോട്ടത്തിലാണ് ട്രൗട്ട് തയ്യാറാക്കിയത്.

മിലിട്ടറിഗ്രേഡ് അണ്ടർവാട്ടർ റോബോട്ടിക് സംവിധാനം നിർമ്മിക്കുന്നതിന് മെക്കാനിക്കൽ എൻജിനീയറിംഗ്, ഇലക്ട്രോണിക്സ്, എംബഡഡ് സിസ്റ്റങ്ങൾ, സോഫ്റ്റ്‌വെയർ, നാവിഗേഷൻ, സെൻസിംഗ്, ആശയവിനിമയം എന്നിവയെല്ലാം കൃത്യമായി സംയോജിപ്പിക്കേണ്ടതുണ്ടെന്ന് ഐറോവ് സിടിഒയും സഹസ്ഥാപകനുമായ കണ്ണപ്പ പളനിയപ്പൻ വ്യക്തമാക്കി. ട്രൗട്ടിന്റെ നാവികസേനാ വിന്യാസം ഐറോവിന്റെ സാങ്കേതിക കരുത്തിന്റെയും തദ്ദേശീയ എൻജിനീയറിംഗ് വൈദഗ്ധ്യത്തിന്റെയും തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

സമുദ്രത്തിലെ അതിവേഗ അടിയൊഴുക്കുകൾ, ആഴത്തിലുള്ള സഞ്ചാരം, മികച്ച ചലനശേഷി, കൃത്യമായ നാവിഗേഷൻ, തുടർച്ചയായ പ്രവർത്തനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി വിപുലമായ പരീക്ഷണ നിരീക്ഷണങ്ങൾക്ക് ട്രൗട്ടിനെ വിധേയമാക്കിയിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് ക്വാളിറ്റി അഷ്വറൻസിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചാണ് ട്രൗട്ട് തയ്യാറാക്കിയിട്ടുള്ളത്. വെല്ലുവിളി നിറഞ്ഞ പ്രതികൂല കാലാവസ്ഥയും പരിമിതമായ കാഴ്ചാപരിധിയും ഉള്ള അടിയൊഴുക്കുകളിൽ സാധാരണ ഉപകരണങ്ങൾക്ക് സാധ്യമാകാത്ത ദൗത്യങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ട്രൗട്ടിന് സാധിക്കും. ഇത്തരം കർശനമായ ഗുണനിലവാര പരീക്ഷണങ്ങൾ വിജയിച്ചതാണ് ട്രൗട്ടിനെ സാധാരണ വാണിജ്യ റോബോട്ടുകളിൽ നിന്ന് വ്യത്യസ്തമാക്കി സേനയ്ക്ക് ദീർഘകാല ഉപയോഗത്തിന് അനുയോജ്യമാക്കുന്നത്.

നാവികസേനയുടെ പ്രവർത്തനങ്ങൾ, സമുദ്ര സുരക്ഷ, തീരദേശ തുറമുഖ സംരക്ഷണം, അണ്ടർവാട്ടർ ഇൻഫ്രാസ്ട്രക്ചർ പരിശോധന എന്നിവയിൽ ഇത്തരം റോബോട്ടിക് സംവിധാനങ്ങൾ കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഘട്ടത്തിലാണ് ട്രൗട്ടിന്റെ വരവ്. ആത്മനിർഭർ ഭാരത്, മേക്ക് ഇൻ ഇന്ത്യ എന്നീ ലക്ഷ്യങ്ങൾക്ക് കരുത്തുപകരുന്നതാണ് ഐറോവിന്റെ ഈ നേട്ടം.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐറോവ്, അണ്ടർവാട്ടർ ഡ്രോണുകൾ, ആളില്ലാ ബോട്ടുകൾ, ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിളുകൾ, എഐ അധിഷ്ഠിത വിശകലന സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ആഗോളതലത്തിൽ ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തുന്നത്.

# കേരളത്തിൽ ആദ്യമായി സമ്പൂർണ്ണ സെറാമിക് മുട്ടുമാറ്റൽ ശസ്ത്രക്രിയ വിജയകരമായി നടത്തി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** കേരളത്തിൽ ആദ്യമായി ടോട്ടൽ സെറാമിക് ക്നീ ഇംപ്ലാന്റ് ഉപയോഗിച്ചുള്ള സമ്പൂർണ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആസ്റ്റർ മെഡ്സിറ്റിയിൽ വിജയകരമായി പൂർത്തിയാക്കി. എറണാകുളം സ്വദേശിയായ 53 വയസ്സുകാരനിലാണ് ഈ ശസ്ത്രക്രിയ നടത്തിയത്. പ്രായം കുറഞ്ഞ രോഗികൾക്ക് ദീർഘകാലം നിലനിൽക്കുന്ന സന്ധിമാറ്റിവയ്ക്കൽ ചികിത്സ ലഭ്യമാക്കുന്നതിൽ ഈ പുതിയ സാങ്കേതികവിദ്യ നിർണായക വഴിത്തിരിവാകും.

കഴിഞ്ഞ മൂന്ന് വർഷമായി കടുത്ത കാൽമുട്ട് വേദന അനുഭവിച്ചിരുന്ന രോഗിയുടെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും മുട്ടിന് വളവ് രൂപപ്പെടുകയും ചെയ്തതിനെത്തുടർന്നാണ് അദ്ദേഹം ആസ്റ്റർ മെഡ്സിറ്റിയിലെത്തിയത്. വേദനയിൽ നിന്ന് ആശ്വാസം നൽകാനും സജീവമായ ജീവിതശൈലിയിലേക്ക് അദ്ദേഹത്തെ തിരികെ കൊണ്ടുവരാനുമായി മുട്ടുമാറ്റൽ ശസ്ത്രക്രിയ നിർദേശിക്കുകയായിരുന്നു.

രോഗിയുടെ പ്രായം പരിഗണിച്ചാണ് ഏറ്റവും പുതിയ ഇംപ്ലാന്റ് സാങ്കേതികവിദ്യകളിലൊന്നായ ടോട്ടൽ സെറാമിക് ക്നീ ഇംപ്ലാന്റ് തിരഞ്ഞെടുത്തത്. തേയ്മാനനിരക്ക് വളരെ കുറവാണെന്നതാണ് ഇതിന്റെ പ്രധാന മേന്മ. അതിനാൽ രോഗിയുടെ ജീവിതകാലം മുഴുവൻ തന്നെ കേടുപാടുകൾ കൂടാതെ നിലനിൽക്കാൻ ഇതിന് സാധിക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.



‘പ്രായം കുറഞ്ഞ രോഗികളിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യുമ്പോൾ ഇംപ്ലാന്റിന്റെ ദീർഘകാല നിലനിൽപ്പാണ് പ്രധാന ആശങ്ക. മുട്ടുമാറ്റിവയ്ക്കലിന് ഉപയോഗിക്കുന്ന മറ്റ് വസ്തുക്കളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ തേയ്മാനനിരക്കുള്ളത് ടോട്ടൽ സെറാമിക് ഇംപ്ലാന്റിനാണ്. അതുകൊണ്ടുതന്നെ ഇത് ആയുഷ്കാലം മുഴുവൻ നിലനിൽക്കാനുള്ള സാധ്യത വളരെ കൂടുതലാണ്,‘ആസ്റ്റർ മെഡ്സിറ്റിയിലെ ഓർത്തോപീഡിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. വിജയ മോഹൻ എസ്. പറഞ്ഞു.

മികച്ച സെറാമിക് മെറ്റീരിയലിനൊപ്പം ശസ്ത്രക്രിയക്ക് ഉപയോഗിക്കുന്ന അത്യാധുനിക ഉപകരണങ്ങൾ ഇംപ്ലാന്റിന്റെ കൃത്യമായ അലൈൻമെന്റും ബാലൻസിംഗും ഉറപ്പാക്കുന്നു. ലോഹ അലർജിക്കുള്ള സാധ്യത ഇത് പൂർണ്ണമായും ഇല്ലാതാക്കുന്നു. ഭാരം കുറഞ്ഞതും കൃത്യമായി അലൈൻ ചെയ്തതുമായതിനാൽ മുട്ടിന്റെ ചലനശേഷി വേഗത്തിൽ വീണ്ടെടുക്കാൻ രോഗിയെ സഹായിക്കും.

## ജനകീയ ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടം ഉറപ്പാക്കും: മന്ത്രി

**നെടുമങ്ങാട്:** സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നു മന്ത്രി കെ. മുരളീധരൻ. സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി ജില്ലയിലെ 16 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെയും ഒരു അർബൻ ആരോഗ്യകേന്ദ്രത്തിൻറെയും നിർമാണോദ്ഘാടനം പെരിങ്ങമല കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർവഹിച്ചിക്കുകയായിരുന്നു മന്ത്രി.

എല്ലാ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ വഴിയും 100 ഇനം മരുന്നുകൾ സൗജന്യമായി ലഭ്യമാക്കും. ക്ഷാമം പരിഹരിക്കുന്നതിനായി റെഡി പർച്ചേസ് വഴി മരുന്നുകൾ വാങ്ങാൻ ആശുപത്രികൾക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സുധീർഷാ പാലോട് എംഎൽഎ അധ്യക്ഷത വഹിച്ചു.

പെരിങ്ങമല പഞ്ചായത്ത് പ്രസിഡൻറ് പി. എൻ. അരുൺകുമാർ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് രഘുനാഥൻ നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ആരോഗ്യവകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# എറണാകുളം ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വിപുലീകരിക്കുന്നു

**കൊച്ചി:** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരടക്കമുള്ള സാധാരണക്കാരുടെ പ്രധാന ആശ്രയമായ എറണാകുളം ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നു. ന്യൂറോളജി, ഗ്യാസ്ട്രോഎൻട്രോളജി വിഭാഗങ്ങളിലെ സേവനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കുന്നതിനൊപ്പം ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി, പ്ലാസ്റ്റിക് സർജറി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ആശുപത്രിയിൽ ഏർപ്പെടുത്തിയതായി സൂപ്രണ്ട് ഡോ. പ്രഭുദാസ് അറിയിച്ചു. ഗ്യാസ്ട്രോഎൻട്രോളജി വിഭാഗത്തിൽ ഡോ. സുനിൽ കെ. തോമസിന്റെയും, ന്യൂറോളജി വിഭാഗത്തിൽ ഡോ. അപർണ അമർനാഥിന്റെയും ന്യൂറോ സർജൻ ഡോ.ശ്രീനാഥിന്റെയും പ്ലാസ്റ്റിക് സർജൻ ഡോ മനോജ്, മാക്സിലോ ഫേഷ്യൽ സർജൻ ഡോ വിഷ്ണു നേതൃത്വത്തിലുള്ള വിദഗ്ധ ചികിത്സാ സേവനങ്ങളാണ് ലഭ്യമാകുന്നത്.

എം.പി. ഹൈബി ഈഡന്റെയും ടി.ജെ. വിനോദ് എം.എൽ.എയുടെയും ഇടപെടലിലൂടെ വിവിധ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് പ്രയോജനപ്പെടുത്തി ന്യൂറോളജി, ഗ്യാസ്ട്രോഎൻട്രോളജി ചികിത്സകൾക്കാവശ്യമായ ഉപകരണങ്ങളും അനുബന്ധ സംവിധാനങ്ങളും ആശുപത്രിയിൽ ഒരുക്കിയിരുന്നു. കൂടാതെ, ടി.ജെ. വിനോദ് എം.എൽ.എയുടെ ഇടപെടലിന്റെ ഫലമായി സർക്കാർ ന്യൂറോളജി, ഗ്യാസ്ട്രോഎൻട്രോളജി വിഭാഗങ്ങളിലേക്ക് വിദഗ്ധ ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിന് പുറമെ റെറ്റിന സർജറി, ഇന്റർവെൻഷണൽ റേഡിയോളജി, എൻഡോക്രൈനോളജി എന്നീ വിദഗ്ധ ചികിത്സാ വിഭാഗങ്ങളും ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ കൂടി ജനറൽ ആശുപത്രിയിൽ ലഭ്യമാകുന്നതോടെ സ്വകാര്യ ആശുപത്രികളിലെ ഉയർന്ന ചികിത്സാ ചെലവ് താങ്ങാൻ കഴിയാത്ത സാധാരണക്കാർക്ക് സർക്കാർ ആശുപത്രിയിൽ തന്നെ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ സാധിക്കും. എറണാകുളം ജനറൽ ആശുപത്രിയെ കൂടുതൽ മികച്ച റഫറൽ ചികിത്സാ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് സേവനങ്ങൾ വിപുലീകരിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടാറ്റ പവർ സോളാറൂഫിന് റെക്കോർഡ് വളർച്ച; ഉത്പാദന ശേഷി 310 മെഗാവാട്ട് പിന്നിട്ടു

**കൊച്ചി:** രാജ്യത്തെ മുൻനിര റൂഫ്ടോപ്പ് സോളാർ സേവന ദാതാക്കളായ ടാറ്റ പവർ സോളാറൂഫ് കേരളത്തിൽ വൻ വളർച്ച രേഖപ്പെടുത്തി. സംസ്ഥാനത്ത് ഇതുവരെ 310 മെഗാവാട്ട്പീക്ക്ലധികം ശേഷിയുള്ള 69,734 റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റാളേഷനുകൾ പൂർത്തിയാക്കാൻ കമ്പനിക്ക് സാധിച്ചു. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ മാത്രം 65 മെഗാവാട്ടോളം ശേഷിയുള്ള 15,477 പുതിയ സോളാർ കണക്ഷനുകളാണ് കേരളത്തിൽ കൂട്ടിച്ചേർത്തത്. പുനരുപയോഗ ഊർജ്ജ രംഗത്തെ കമ്പനിയുടെ ശക്തമായ മുന്നേറ്റത്തിന് കേരളം മികച്ച സംഭാവനയാണ് നൽകുന്നത്.

ദേശീയ തലത്തിലും സമാനതകളില്ലാത്ത വളർച്ചയാണ് ടാറ്റ പവർ പുനരുപയോഗ ഊർജ്ജ വിഭാഗം കൈവരിച്ചത്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ കമ്പനി 88,397 പുതിയ റൂഫ്ടോപ്പ് സോളാർ യൂണിറ്റുകൾ സ്ഥാപിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 33 ശതമാനം വാർഷിക വളർച്ചയാണിത്. സാമ്പത്തിക വർഷത്തിൻറെ ആദ്യ ആറു മാസത്തിൽ ആകെ 1,68,500ലധികം പുതിയ കണക്ഷനുകളാണ് കമ്പനി രാജ്യത്തുടനീളം കൂട്ടിച്ചേർത്തത്.

ഇതോടെ കമ്പനിയുടെ ആകെ റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റാളേഷനുകളുടെ എണ്ണം 5,75,000 കടക്കുകയും മൊത്തം ഉൽപ്പാദന ശേഷി 5.67 ഗിഗാവാട്ട്പീക്ക് പിന്നിടുകയും ചെയ്തു. ക്രിസിൽ റാങ്കിംഗ് പ്രകാരം തുടർച്ചയായ 12ാം വർഷവും ഇന്ത്യയിലെ ഒന്നാം നമ്പർ റൂഫ്ടോപ്പ് സോളാർ കമ്പനിയായി ടാറ്റ പവർ സോളാറൂഫ് സ്ഥാനം നിലനിർത്തി. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കമ്പനിയുടെ വളർച്ചയിൽ നിർണായക പങ്ക് വഹിക്കുന്ന മുൻനിര വിപണിയായി കേരളവും മാറിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി സൂര്യഘർ പദ്ധതി വേഗത്തിലാക്കുന്നതിൽ ടാറ്റ പവർ സോളാറൂഫ് പ്രധാന പങ്കാണ് വഹിക്കുന്നത്. കമ്പനിയുടെ ഘർ ഘർ സോളാർ പ്രചാരണത്തിലൂടെ ഓരോ വീടുകളിലും സൗര ഊർജ്ജത്തെക്കുറിച്ചുള്ള അവബോധം വളർത്താനും അത് ലഭ്യമാക്കാനും സാധിക്കുന്നു.

ഗാർഹിക, വാണിജ്യ, വ്യവസായ മേഖലകൾക്കായി സമഗ്രവും വിശ്വസനീയവുമായ സോളാർ പാനലുകളാണ് ടാറ്റ പവർ അവതരിപ്പിക്കുന്നത്. 25 വർഷത്തെ പ്രകടന വാറണ്ടിയുള്ള ഉയർന്ന ശേഷിയുള്ള പാനലുകൾ, എളുപ്പത്തിലുള്ള വായ്പാ സൗകര്യങ്ങൾ, ഇൻഷുറൻസ് കവറേജ്, മികച്ച ആഫ്റ്റർ സെയിൽസ് സർവീസ് എന്നിവ കമ്പനി ഉറപ്പുനൽകുന്നു.




# എച്ച്എംഡി സ്മാർട്ട്ഫോണുകളുടെ പുതിയ വൈബ് ഫെയ്സ് ആയി നടി ശ്രീലീല

**കൊച്ചി:** എച്ച്എംഡി സ്മാർട്ട്ഫോൺ ശ്രേണിയുടെ വൈബ് ഫെയ്സ് ആയി നടി ശ്രീലീലയെ പ്രഖ്യാപിച്ചു. ഇന്ത്യൻ വിപണിയിൽ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ബ്രാൻഡിന്റെ ഈ പുതിയ നീക്കം.

ഇന്ത്യൻ പ്രേക്ഷകർക്കിടയിൽ ചുരുങ്ങിയ സമയം കൊണ്ട് ഏറെ ശ്രദ്ധ നേടിയ യുവതാരങ്ങളിൽ ഒരാളാണ് ശ്രീലീല. വരാനിരിക്കുന്ന ഉത്സവകാല കാമ്പയിനുകളിലും വിവിധ ഉപഭോക്തൃ സംരംഭങ്ങളിലും ശ്രീലീല എച്ച്എംഡിയുടെ പ്രധാന മുഖമാകും. പ്രിന്റ്, ഡിജിറ്റൽ, സോഷ്യൽ മീഡിയ, വീഡിയോ പ്ലാറ്റ്ഫോമുകൾ, ഔട്ട്ഡോർ പരസ്യങ്ങൾ, ഇൻഫ്ലുവൻസർ നെറ്റ്വർക്കുകൾ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ പ്രചാരണ പരിപാടികളാണ് കമ്പനി ഇതിനായി ഒരുക്കുന്നത്. കുറഞ്ഞ വിലയിൽ ആധുനിക സാങ്കേതികവിദ്യ വിപണിയിലെത്തിക്കാനുള്ള എച്ച്എംഡിയുടെ ശ്രമങ്ങൾക്ക് ഈ പങ്കാളിത്തം കൂടുതൽ ഊർജ്ജം നൽകും.




# ഹോണ്ട എക്സ്ആർ300 എൽ, എക്സ്ആർ300 റാലി വില പ്രഖ്യാപിച്ചു

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പുതിയ എക്സ്ആർ300 എൽ, എക്സ്ആർ300 റാലി മോട്ടോർസൈക്കിളുകളുടെ വില പ്രഖ്യാപിച്ചു. എക്സ്ആർ300 എൽന് 1.83 ലക്ഷം രൂപയും, എക്സ്ആർ300 റാലി 2.08 ലക്ഷം രൂപയുമാണ് വില (ബെംഗളൂരു എക്സ്ഷോറൂം). വില ഒക്ടോബർ 5 മുതൽ പ്രാബല്യത്തിൽ വന്നു. രണ്ട് മോഡലുകളുടെയും ബുക്കിംഗ് രാജ്യവ്യാപകമായി ആരംഭിച്ചു.

അംഗീകൃത ഹോണ്ട ബിഗ്വിംഗ് ഡീലർഷിപ്പുകൾ വഴിയാണ് ഇരു മോഡലുകളും ലഭ്യമാകുക. 5,000 രൂപ നൽകി ബുക്കിംഗ് നടത്താം. 293.5 സിസി എയർകൂൾഡ് എൻജിൻ, ഹോണ്ട സെലക്ടബിൾ ടോർക്ക് കൺട്രോൾ, പ്രോലിങ്ക് റിയർ സസ്പെൻഷൻ, മുന്നിലും പിന്നിലും ഡിസ്ക് ബ്രേക്കുകൾ, സ്വിച്ചബിൾ ഡ്യുവൽചാനൽ എബിഎസ്, അസിസ്റ്റ് സ്ലിപ്പർ ക്ലച്ച് എന്നിവയാണ് പ്രധാന സവിശേഷതകൾ.

റാലി ശൈലിയിലുള്ള ഡിസൈനിനൊപ്പം ദീർഘദൂര യാത്രകൾക്ക് അനുയോജ്യമായ സൗകര്യങ്ങളും വിൻഡ് പ്രൊട്ടക്ഷനും എക്സ്ആർ300 റാലി നൽകുന്നു. എക്സ്ആർ300 എൽ ദൈനംദിന യാത്രകൾക്കൊപ്പം ചെളി, മണൽ, ചരൽ, പാറക്കെട്ടുകൾ തുടങ്ങിയ ഓഫ്റോഡ് സാഹചര്യങ്ങളിലും ഉപയോഗിക്കാനായി രൂപകൽപ്പന ചെയ്തതാണ്. എക്സ്ആർ300 എൽ എക്സ്ട്രീം റെഡ്, ഷാസ്റ്റ വൈറ്റ് നിറങ്ങളിലും എക്സ്ആർ300 റാലി എക്സ്ട്രീം റെഡ്, ട്രൂ ബ്ലാക്ക് നിറങ്ങളിലും ലഭ്യമാകും.




# രോഹിത് ശർമ്മ ഫ്രെയർ എനർജിയുടെ ആദ്യ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ റെസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാർ കമ്പനിയായ ഫ്രെയർ എനർജി, ഇന്ത്യൻ ക്രിക്കറ്റ് താരം രോഹിത് ശർമ്മയെ തങ്ങളുടെ ആദ്യ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി 'സോളാർ ഹോ, തോ ഫ്രേയർ ഹോ!' (Solar Ho, Toh Freyr Ho!) എന്ന പുതിയ പരസ്യ ക്യാമ്പയിനും കമ്പനി പുറത്തിറക്കി. റൂഫ്ടോപ്പ് സോളാർ എന്നത് 30 വർഷത്തെ ദീർഘകാല നിക്ഷേപമാണെന്നും, പതിറ്റാണ്ടുകളോളം വിശ്വസിക്കാൻ കഴിയുന്ന പങ്കാളിയെ വേണം ഉപഭോക്താക്കൾ തിരഞ്ഞെടുക്കേണ്ടതെന്നുമുള്ള പ്രമേയമാണ് ഈ പ്രചാരണ ചിത്രത്തിലൂടെ പങ്കുവെക്കുന്നത്.

രാജ്യത്തെ 40ലധികം നഗരങ്ങളിലായി 20,000ത്തിലധികം റെസിഡൻഷ്യൽ സോളാർ സിസ്റ്റങ്ങൾ സ്ഥാപിച്ചിട്ടുള്ള ഫ്രെയർ എനർജി, ആധുനിക കസ്റ്റമർ ആപ്പ്, സെൽഫ് ക്ലീനിംഗ് സോളാർ സാങ്കേതികവിദ്യ, സോളാർ എക്സ്പീരിയൻസ് സെന്ററുകൾ തുടങ്ങിയ നവീന സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ 'പിഎം സൂര്യ ഘർ' പദ്ധതി വഴി അർഹരായ കുടുംബങ്ങൾക്ക് 78,000 രൂപ വരെയുള്ള സർക്കാർ സബ്സിഡിയും കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ സൗകര്യങ്ങളും ഫ്രെയർ എനർജി വഴി വേഗത്തിൽ ലഭ്യമാക്കുന്നുണ്ട്. വിശ്വാസ്യതയും മികവും മുൻനിർത്തി രോഹിത് ശർമ്മയുമായുള്ള സഹകരണം രാജ്യത്തുടനീളം സൗരോർജ്ജ ഉപയോഗം കൂടുതൽ വേഗത്തിലാക്കാൻ സഹായിക്കുമെന്ന് കമ്പനി വ്യക്തമാക്കി.

# മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 37ാം ശാഖ പരപ്പനങ്ങാടിയിൽ പ്രവർത്തനം തുടങ്ങി

**പരപ്പനങ്ങാടി:** മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 37ാമത് ശാഖ പരപ്പനങ്ങാടിയിൽ പ്രവർത്തനമാരംഭിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ സുബൈദ ഉദ്ഘാടനം നിർവഹിച്ചു.

ആദ്യ നിക്ഷേപ സ്വീകരണവും ആദ്യ വായ്പാ വിതരണവും അവർ നിർവഹിച്ചു. മലങ്കര ക്രെഡിറ്റ് സൊസൈറ്റി വൈസ് ചെയർപേഴ്സൺ മറിയാമ്മ പയസ് അധ്യക്ഷത വഹിച്ചു.

സൊസൈറ്റിയുടെ ഗോ ഗ്രീൻ പദ്ധതിയിലൂടെ ഒരു കോടി വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി, ഉദ്ഘാടനവേളയിൽ പൊതുജനങ്ങൾക്കു സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# മെറാൾഡ ജുവൽസിന്റെ ഫ്ളാഗ്ഷിപ്പ് ഷോറൂം നാളെ എം.എ. യൂസഫലി ഉദ്ഘാടനം ചെയ്യും




**കൊച്ചി:** പ്രമുഖ ജുവലറി ഗ്രൂപ്പായ മെറാൾഡ ജുവൽസിന്റെ ഏറ്റവും പുതിയ ഫ്ളാഗ്ഷിപ്പ് ഷോറൂം എറണാകുളം എം.ജി. റോഡിൽ മഹാരാജാസ് കോളേജ് സ്റ്റേഡിയം മെട്രോ സ്റ്റേഷന് സമീപം പ്രവർത്തനമാരംഭിക്കുന്നു. നാളെ (2026 ഒക്ടോബർ 10 ശനിയാഴ്ച) ഉച്ചയ്ക്ക് 12 മണിക്ക് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി ഷോറൂമിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ചിറ്റൂർ റോഡിലെ ഇയ്യാട്ടുമുക്കിൽ പ്രവർത്തിച്ചുവന്ന ഷോറൂം കൂടുതൽ വിശാലമായ സൗകര്യങ്ങളോടെയും സവിശേഷമായ ഡിസൈനർ ആഭരണങ്ങളുടെ വിപുലമായ ശേഖരത്തോടെയുമാണ് എം.ജി. റോഡിലേക്ക് മാറുന്നതെന്ന് മെറാൾഡ ജുവൽസ് ചെയർമാൻ അബ്ദുൽ ജലീൽ ഇടത്തിൽ അറിയിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഒക്ടോബർ 18 വരെ സ്വർണ്ണത്തിന്റെ പണിക്കൂലിയിൽ 40 ശതമാനവും ഡയമണ്ട് വാല്യുവിൽ 20 ശതമാനവും ഫ്ളാറ്റ് കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ട്.

2019ൽ പ്രവർത്തനം ആരംഭിച്ച മെറാൾഡ ജുവൽസിന് നിലവിൽ കേരളം, മംഗലാപുരം, ദുബായ്, അബുദാബി എന്നിവിടങ്ങളിൽ ശക്തമായ സാന്നിധ്യമുണ്ട്. വിവാഹ ആവശ്യങ്ങൾക്കായുള്ള സ്റ്റേറ്റ്മെന്റ് ജ്വല്ലറി, ആന്റിക് ബ്രൈഡൽ കളക്ഷൻ, പോൾക്കി, അൺകട്ട് ഡയമണ്ട്, ഡയമണ്ട് ജംസ്റ്റോൺ കളക്ഷനുകൾ എന്നിവയ്ക്ക് പുറമെ ടീനേജേഴ്സിനും ജോലി ചെയ്യുന്ന വനിതകൾക്കുമായി എവരിഡെ കളക്ഷൻ ലൈറ്റ് വെയ്റ്റ് ആഭരണങ്ങളും പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്. 300 മില്ലിഗ്രാം മുതൽ തൂക്കമുള്ള നെക്ക് പീസുകൾ ഉൾപ്പെടെ 18, 14, 9 കാരറ്റുകളിൽ ആഭരണങ്ങൾ ലഭ്യമാണ്. വാങ്ങിയ ഡയമണ്ട് പോൾക്കി ആഭരണങ്ങൾ പിന്നീട് എക്സ്ചേഞ്ച് ചെയ്യുമ്പോൾ 100 ശതമാനം ബിൽ വാല്യൂ തിരികെ നൽകുന്ന ഓഫറും മെറാൾഡ വാഗ്ദാനം ചെയ്യുന്നു. ഇന്ത്യ, ജി.സി.സി, വടക്കേ അമേരിക്ക തുടങ്ങിയ വിപണികളിലേക്ക് ബ്രാൻഡിന്റെ പ്രവർത്തനം വിപുലീകരിക്കും. റീട്ടെയിൽ ഷോറൂമുകളുടെ എണ്ണം വർധിപ്പിക്കുന്നതിനപ്പുറം, സവിശേഷമായ ഡിസൈൻ, മികച്ച ക്രാഫ്റ്റ്മാൻഷിപ്പ്, വിശ്വാസ്യത എന്നിവയിലൂടെ ശക്തമായ ഐഡന്റിറ്റിയും ശാശ്വതമായ ബ്രാൻഡ് മൂല്യവുമുള്ള ഒരു ജ്വല്ലറി ഹൗസ് ആയി മെറാൾഡയെ വളർത്തുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് അബ്ദുൽ ജലീൽ ഇടത്തിൽ വ്യക്തമാക്കി.




# ഇന്ത്യയിലെ ആദ്യ ക്യാംപസ് സ്ഥാപിക്കാൻ യൂണിവേഴ്സിറ്റി ഓഫ് കൊളറാഡോ ഡെൻവർ

**ഹൈദരാബാദ്:** അമേരിക്കയിലെ പ്രമുഖ പൊതുസർവകലാശാലയായ യൂണിവേഴ്സിറ്റി ഓഫ് കൊളറാഡോ ഡെൻവർ (സിയു ഡെൻവർ) ഹൈദരാബാദിൽ ക്യാംപസ് സ്ഥാപിക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ (യുജിസി) നിന്ന് ലെറ്റർ ഓഫ് ഇന്റന്റ് (എൽഒഐ) നേടി. ഇന്ത്യയിൽ ഡിഗ്രി നൽകുന്ന ക്യാംപസ് സ്ഥാപിക്കാൻ അനുമതി ലഭിക്കുന്ന ആദ്യ അമേരിക്കൻ പൊതുസർവകലാശാലയും തെലങ്കാനയിലെ ആദ്യ വിദേശ സർവകലാശാലയുമാണ് സിയു ഡെൻവർ. ആദ്യ ബാച്ച് 2027 ഓഗസ്റ്റിൽ ആരംഭിക്കാനാണ് ലക്ഷ്യം.

ബിസിനസ്, കംപ്യൂട്ടിംഗ്, എൻജിനീയറിംഗ്, അനലിറ്റിക്സ് തുടങ്ങിയ തൊഴിൽ സാധ്യതയേറിയ മേഖലകളിൽ കോഴ്സുകൾ നൽകാനാണ് പദ്ധതി. അക്കാദമിക് പഠനത്തിനൊപ്പം പ്രായോഗിക പരിശീലനം, അന്തർവിഷയ പഠനം, കരിയർ കേന്ദ്രീകൃത വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രാധാന്യം നൽകും.

ഇന്ത്യയിലെ ക്യാംപസിന്റെ സ്ഥാപനം വിജയകരമായി നടപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ആഗോള വിദ്യാഭ്യാസ കമ്പനിയായ എമെറിറ്റസ്, സിയു ഡെൻവറിന്റെ തന്ത്രപരമായ ജോയിന്റ് വെഞ്ചർ പങ്കാളിയായി പ്രവർത്തിക്കും. 1973ൽ സ്ഥാപിതമായ സിയു ഡെൻവറിൽ ഏകദേശം 14,000 വിദ്യാർഥികളുണ്ട്. 100ലേറെ രാജ്യങ്ങളിലായി ഒരു ലക്ഷത്തിലധികം പൂർവവിദ്യാർഥികളുള്ള സർവകലാശാലയെ കാർനെഗി കമ്മീഷൻ ആർ1 ഗവേഷണ സ്ഥാപനമായി തരംതിരിച്ചിട്ടുണ്ട്.

# ബൈറ്റ്എക്സ്എല്ലിന് 9 മില്യൺ ഡോളർ നിക്ഷേപം

byte XL

**ഹൈദരാബാദ്:** എൻജിനീയറിംഗ് കോളജുകളിലെ സാങ്കേതികവിദ്യ, എഐ നൈപുണ്യ വികസനത്തിന് പ്രവർത്തിക്കുന്ന എഡ്ടെക് കമ്പനിയായ ബൈറ്റ്എക്സ്എൽ 9 മില്യൺ യുഎസ് ഡോളർ (ഏകദേശം 75 കോടി രൂപ) നിക്ഷേപം സമാഹരിച്ചു. എലിവർ ഇക്വിറ്റി നേതൃത്വം നൽകിയ റൗണ്ടിൽ നിലവിലെ നിക്ഷേപകരായ കലാരി ക്യാപിറ്റലും മൈക്കൽ ആൻഡ് സൂസൻ ഡെൽ ഫൗണ്ടേഷനും പങ്കെടുത്തു. 2024 ജൂലൈയിൽ ലഭിച്ച നിക്ഷേപത്തിന് തുടർച്ചയായാണ് പുതിയ ഫണ്ടിംഗ്.

ടയർ2, ടയർ3 നഗരങ്ങളിലെ എൻജിനീയറിംഗ് കോളജുകളുമായി സഹകരിച്ച് വ്യവസായത്തിന് ആവശ്യമായ സാങ്കേതിക, എഐ പരിശീലനം അക്കാദമിക് പഠനത്തോടൊപ്പം നൽകുന്നതാണ് ബൈറ്റ്എക്സ്എല്ലിന്റെ മാതൃക. കഴിഞ്ഞ വർഷം കമ്പനിയുടെ 7,600 ബിരുദധാരികൾക്ക് ഐടി, എൻജിനീയറിംഗ് മേഖലകളിൽ ജോലി ലഭിച്ചു.

അടുത്ത രണ്ട് വർഷത്തിനുള്ളിൽ സ്ഥാപനങ്ങളുടെ എണ്ണം 40ൽ നിന്ന് 120 ആയും വിദ്യാർഥികളുടെ എണ്ണം 2 ലക്ഷത്തിൽ നിന്ന് 5 ലക്ഷമായും ഉയർത്താനാണ് കമ്പനിയുടെ ലക്ഷ്യം. 15 സംസ്ഥാനങ്ങളിലായി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനൊപ്പം എഐ അധിഷ്ഠിത പഠനമൂല്യനിർണയ സംവിധാനങ്ങൾ, വിദ്യാർഥി അനലിറ്റിക്സ്, വ്യക്തിഗത പഠന സംവിധാനങ്ങൾ തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കാനും പുതിയ നിക്ഷേപം ഉപയോഗിക്കും.

# ദക്ഷിണേന്ത്യയുടെ വളർച്ചയും രാഷ്ട്രീയ മാറ്റങ്ങളും ചർച്ച ചെയ്ത് ഇന്ത്യ ടുഡേ കോൺക്ലേവ് സൗത്ത് 2026

**കൊച്ചി:** ദക്ഷിണേന്ത്യയുടെ വളർച്ച, അവസരങ്ങൾ, വെല്ലുവിളികൾ, രാജ്യത്തിന്റെ വികസന യാത്രയിലെ നിർണായക പങ്ക് എന്നിവയെക്കുറിച്ചുള്ള വിപുലമായ ചർച്ചകളോടെ ഇന്ത്യ ടുഡേ കോൺക്ലേവ് സൗത്ത് 2026 കൊച്ചിയിൽ സമാപിച്ചു. ഭരണം, സാമ്പത്തിക വളർച്ച, ഫെഡറലിസം, നിക്ഷേപങ്ങൾ, സാങ്കേതികവിദ്യ, ദേശീയ സുരക്ഷ, യുവജനങ്ങളുടെ പ്രതീക്ഷകൾ, സാമൂഹിക മാറ്റങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ രാഷ്ട്രീയ നേതാക്കൾ, നയരൂപകർത്താക്കൾ, പ്രതിരോധ വിദഗ്ധർ, വ്യവസായ പ്രമുഖർ, സംരംഭകർ, അക്കാദമിഷ്യന്മാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

രാഷ്ട്രീയ രംഗത്ത് ഫെഡറലിസവും മണ്ഡല പുനർനിർണ്ണയവും സംബന്ധിച്ച ചർച്ചകൾ സമ്മേളനത്തിൽ ഏറെ ശ്രദ്ധ നേടി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ രാഷ്ട്രീയ ശബ്ദം സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകളും വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ വ്യത്യസ്ത കാഴ്ചപ്പാടുകളും ചർച്ച ചെയ്യപ്പെട്ടു.

തെലങ്കാന ബി.ആർ.എസ് വർക്കിംഗ് പ്രസിഡന്റ് കെ.ടി. രാമറാവു ബി.ജെ.പിയുമായുള്ള സഖ്യസാധ്യത തള്ളിക്കളഞ്ഞപ്പോൾ, തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലു കോൺഗ്രസ് വിട്ടുപോയ മുൻ നേതാക്കളോട് പാർട്ടിയിലേക്ക് മടങ്ങിവരാൻ ആഹ്വാനം ചെയ്തു. ആന്ധ്രാപ്രദേശിൽ നിന്നുള്ള മന്ത്രി നര ലോകേഷ് സംസ്ഥാനത്തിന്റെ നിക്ഷേപ സാധ്യതകളെക്കുറിച്ചും വേഗത്തിലുള്ള ഭരണനടടികളുടെ ആവശ്യകതയെക്കുറിച്ചും വ്യക്തമാക്കി.

മേഖലയുടെ സാമ്പത്തിക പ്രാധാന്യവും ബാങ്കിംഗ്, ഫിനാൻസ്, നിക്ഷേപങ്ങൾ എന്നിവയിലെ വളർച്ചയും വിദഗ്ധർ വിലയിരുത്തി. ആത്മനിർഭർ ഭാരതിന്റെ ഭാഗമായി പ്രതിരോധ സ്റ്റാർട്ടപ്പുകൾ ഡ്രോണുകൾ, മിസൈലുകൾ, ഉപഗ്രഹങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ കൈവരിക്കുന്ന മുന്നേറ്റങ്ങളും ചർച്ചയുടെ ഭാഗമായി. ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ എസ്. പരേഷ് സമുദ്രസുരക്ഷ ശക്തിപ്പെടുത്തുന്നതിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും തദ്ദേശീയ സാങ്കേതികവിദ്യകളുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു.

യുവ വോട്ടർമാരുടെ മുൻഗണനകൾ, തൊഴിലവസരങ്ങൾ, സമകാലിക സംഘർഷങ്ങളോടുള്ള ഇന്ത്യയുടെ പ്രതികരണങ്ങൾ എന്നിവയും സമ്മേളനത്തിൽ പ്രധാന ചർച്ചാവിഷയങ്ങളായി. രാഷ്ട്രീയത്തിനും നയങ്ങൾക്കും പുറമെ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ, എ.ഐ കാലത്തെ വിദ്യാഭ്യാസം, സിനിമ, പരമ്പരാഗത കലകൾ എന്നിവയും കോൺക്ലേവിൽ വിശകലനം ചെയ്യപ്പെട്ടു. ഇന്ത്യയുടെ അടുത്ത ഘട്ട വികസനത്തിൽ ദക്ഷിണേന്ത്യയുടെ പ്രാധാന്യം പൂർണ്ണമായും അടയാളപ്പെടുത്തുന്നതായിരുന്നു ഈ വർഷത്തെ കോൺക്ലേവ്.